**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5515** **05-07-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് ഗവ.എച്ച്.എസ്.എസി.ലെ സിന്തറ്റിക് ട്രാക്കും ഫുട്ബോൾ കോർട്ടും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് ഗവ.എച്ച്.എസ്.എസി.ലെ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് ഗവ .എച്ച് .എസ് .എസ്- ൽ സിന്തറ്റിക് ട്രാക്ക്, ആർട്ടിഫിഷ്യൽ ടർഫ് എന്നിവയുടെ നിർമ്മാണത്തിനായി 10.10.2022-ലെ സ.ഉ(സാധാ)നം. 243/2022/ കാ.യു.വ പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ എം.എൽ.എ യുടേയും, സ്കൂൾ അധികൃതരുടേയും നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന ആർട്ടിഫിഷ്യൽ ടർഫിന് പകരം മഡ് ഫുട്ബോൾ കോർട്ട് ഉൾപ്പെടുത്തിയും മറ്റ് ഘടകങ്ങളിൽ മാറ്റങ്ങൾ വരുത്തിയുമുള്ള 3. കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 15.07.2023-ലെ സർക്കാർ ഉത്തരവ് നം. 209/2023/കാ.യു.വ പ്രകാരം നൽകിയിരുന്നു. 29.09.2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 05.10.2023-ൽ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. കൺവെർജ് സ്പോർട്സ്, എറണാകുളം എന്ന സ്ഥാപനവുമായി 05.03.2024-ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും സിന്തറ്റിക്ക് ട്രാക്ക്, മഡ് ഫുട്ബോൾ കോർട്ട്, ഫ്ളഡ് ലൈറ്റ്, ഫെൻസിംഗ്, ഡ്രെയിൻ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 5% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 8 മാസമാണ് പ്രസ്തുത പ്രവൃത്തിക്ക് പൂർത്തീകരണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തികരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് ഗവ .എച്ച് .എസ് .എസ്- ൽ സിന്തറ്റിക് ട്രാക്ക്, ആർട്ടിഫിഷ്യൽ ടർഫ് എന്നിവയുടെ നിർമ്മാണത്തിനായി 10.10.2022-ലെ സ.ഉ(സാധാ)നം. 243/2022/ കാ.യു.വ പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ എം.എൽ.എ യുടേയും, |

| | | | |
|---|---|---|---|
| | | | സ്കൂൾ അധികൃതരുടേയും നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന ആർട്ടിഫിഷ്യൽ ടർഫിന് പകരം മഡ് ഫുട്ബോൾ കോർട്ട് ഉൾപ്പെടുത്തിയും മറ്റ് ഘടകങ്ങളിൽ മാറ്റങ്ങൾ വരുത്തിയുമുള്ള 3. കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 15.07.2023-ലെ സർക്കാർ ഉത്തരവ് നം. 209/2023/കാ.യു.വ പ്രകാരം നൽകിയിരുന്നു. 29.09.2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 05.10.2023-ൽ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. കൺവെർജ് സ്പോർട്സ്, എറണാകുളം എന്ന സ്ഥാപനവുമായി 05.03.2024-ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും സിന്തറ്റിക്ക് ട്രാക്ക്, മഡ് ഫുട്ബോൾ കോർട്ട്, ഫ്ളെഡ് ലൈറ്റ്, ഫെൻസിംഗ്, ഡ്രെയിൻ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 5% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 8 മാസമാണ് പ്രസ്തുത പ്രവൃത്തിക്ക് പൂർത്തീകരണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ